**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം: ഫയൽ അദാലത്ത് 2019 - സർവ്വകലാശാല ജോയിൻറ് രജിസ്ട്രാർമാരുമായി 20.08.2019 തീയതിയിൽ കൂടിയ യോഗത്തിൻറെ നടപടിക്കുറിപ്പുകൾ അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4436/AD A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.09.2019

---

പരാമർശം:-ഫയൽ അദാലത്ത് 2019 - മായി ബന്ധപ്പെട്ട് 20/ 08/ 2019 - ന് രജിസ്ട്രാറുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്

**<u>ഉത്തരവ്</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശമനുസരിച്ച്, സർവ്വകലാശാലയിൽ നിലവിലുള്ള തീർപ്പാക്കാത്ത ഫയലുകൾ സംബന്ധിച്ചുള്ള അടിയന്തിര റിപ്പോർട്ട് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ജോയിൻറ് രജിസ്ട്രാർമാർ അവരവരുടെ കീഴിലുള്ള സെക്ഷനുകളിലെ 2019 ജൂലൈ 31 വരെ തീർപ്പാക്കാൻ ബാക്കിയുള്ള ഫയലുകളുടെ എണ്ണം കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. തീർപ്പക്കാതെ അവശേഷിക്കുന്ന ഫയലുകളുടെ വിഷയാടിസ്ഥാനത്തിൽ തരം തിരിച്ചുള്ള പട്ടിക ബ്രാഞ്ച് ഓഫീസർമാർക്ക്/വകുപ്പ് മേധാവികൾക്ക് സമർപ്പിക്കുന്നതനുള്ള അവസാന തീയതി ആഗസ്റ്റ് 26 വരെ ദീർഘപ്പിക്കേണ്ടതാണ്.
3. ഒന്നാം ഘട്ട ബ്രാഞ്ചുതല അദാലത്തുകൾ ആഗസ്റ്റ് 31 -ന് നടത്തുകയും തുടർന്ന് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ രണ്ട് അദലത്തുകൾ കൂടി നടത്തുകയും ചെയ്യേണ്ടതാണ്.
4. അടയന്തിര സ്വഭവമുള്ള നിർദ്ദേശങ്ങൾ/സർക്കലറുകൾ/ഉത്തരവുകൾ/ യോഗങ്ങൾ എന്നിവ ബ്രാഞ്ച് ഓഫീസർമാരുടെയും ജോയിൻറ് രജിസ്ട്രാർമാരുടെയും നേരിട്ടുള്ള ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ഇവ വിനിമയം ചെയ്യുന്നതിനുള്ള ഒരു വാട്സാപ്പ് ഗ്രൂപ്പ് ബ്രാഞ്ച് ഓഫീസർമാരെയും ജോയിൻറ് രജിസ്ട്രാർമാരെയും, ബ്രാഞ്ച് ഓഫീസർമാരുടെ പി.എ.മാരെയും ഉൾപ്പെടുത്തി രൂപീകരിക്കുന്നതിനും, പ്രസ്തുത വാട്സാപ്പ് ഗ്രൂപ്പിൻറെ അഡ്മിനായി രജിസ്ട്രാറുടെ പി.എ.-യെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ശ്രീരാജ് ആർ

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

Draft #20 of File 26895/AD A1/3/2019/AD A 1 Approved by DEPUTY REGISTRAR I (ADMIN) on 20-Sep-2019 03:06 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #20 of File 26895/AD A1/3/2019/AD A 1 Approved by DEPUTY REGISTRAR I (ADMIN) on 20-Sep-2019 03:06 PM - Page 2